

▶ എടത്തല അൽ അമീൻ കോളേജിലെ ജൈവകൃഷി 'പച്ച'യുടെ നടീൽ ഉദ്ഘാടനം അൻവർ സാദത്ത് എം.എൽ.എ. നിർവഹിക്കുന്നു

# 'പച്ച്' കൃഷി സംരംഭവുമായി അൽ അമീൻ

**ആലുവ ▶** എടത്തല അൽ അമീൻ കോളേജിലെ എൻ.എ സ്.എസ്. വൊളന്റിയേഴ്സ് എടത്തല കൃഷി ഭവനുമായി ചേർന്ന് നടത്തുന്ന ജൈവകൃഷി 'പച്ച'യുടെ വിത്തുനടീൽ അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

കാമ്പസിൽ 50 സെന്റ് സ്ഥലത്താണ് കൃഷി നടത്തുന്നത്. കോളേജ് മാനേജർ ഡോ. ജുനൈദ് റഹ്മാൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, എടത്തല കൃഷി ഓഫീസർ മരിയറ്റ് ജോസ്, പഞ്ചായത്ത് പ്രസിഡന്റ് പ്രീജ കുഞ്ഞുമോൻ, വാർഡംഗം അഫ്സൽ കുഞ്ഞുമോൻ, എൻ. എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. പി.എ. ഷിബിനിമോൾ എന്നിവർ സംസാരിച്ചു.

09/03/2023
മാതൃഭൂമി